# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1240

02..03..2017 -ൽ
മറുപടിയ്ക്ക്

## സ്വാശ്രയ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജ്മെന്റിന്റെ വിദ്യാർത്ഥികളോടുള്ള ക്രൂരത, പഠന പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത, യോഗ്യരായ അദ്ധ്യാപകർ ഇല്ലാത്ത സ്ഥിതി, ജീവനക്കാർക്ക് മതിയായ ശമ്പളം നൽകാതിരിക്കൽ തുടങ്ങിയ പ്രശ്നങ്ങൾ മൂലം തികഞ്ഞ അരക്ഷിതാവസ്ഥ സംജാതമായിരിക്കുന്ന സാഹചര്യത്തിൽ സമഗ്രമായ നിയമ നിർമ്മാണം വഴി പ്രസ്തുത വിഷയങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും ഈ മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സത്വര നടപടി സ്വീകരിക്കുമോ ? എങ്കിൽ വിശദാംശം നൽകാമോ? | (എ) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഇത് സംബന്ധിച്ച ശാശ്വത പരിഹാരത്തിനും, ഈ മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുംവേണ്ടി സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്ക്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.മാർ അടങ്ങിയ ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി സർവ്വകലാശാലാ തലത്തിൽ ഒരു എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി രൂപീകരിക്കുകയും ആയത് വിലയിരുത്തുകയും ചെയ്യാറുണ്ട്. അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗും നടത്തിവരുന്നു. |
| (ബി) | ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | (ബി) | സർക്കാരിൽ നിന്നും എ.ഐ.സി.റ്റി.ഇ, സർവ്വകലാശാലകൾ എന്നിവയിൽ നിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കും, നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |

*സെക്ഷൻ ഓഫീസർ*